"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

കൃഷി (WTO സെൽ) വകുപ്പ്-വേൾഡ് മാർക്കറ്റ് (ഇ.ഇ.സി മാർക്കറ്റ്) പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബഹു.തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ 3/2016 കേസിൽ ബഹു.കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിലേക്കായി അനുവദിച്ച ഫണ്ട്-തിരുവനന്തപുരം ജില്ലാ കളക്ടർക്ക് മാറി നൽകുന്നതിന്-കൃഷി വകുപ്പ് ഡയറക്ടർക്ക്-അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു .

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.348/2024/AGRI തീയതി,തിരുവനന്തപുരം, 09-04-2024

പരാമർശം:-

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 30.04.2021 തീയതിയിലെ ADFW/2128/2021-TM1 നമ്പർ കത്ത്
2. 11.03.2022 തീയതിയിലെ സ.ഉ(സാധാ)നം.205/2022/കൃഷി നമ്പർ സർക്കാർ ഉത്തരവ്
3. 31.03.2022 തീയതിയിലെ സ.ഉ(സാധാ)നം.273/2022/കൃഷി നമ്പർ സർക്കാർ ഉത്തരവ്
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13.02.2024 തീയതിയിലെ K12-308375/2021 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
5. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 22.02.2024 തീയതിയിലെ ADFW/2128/2021-TM1 നമ്പർ കത്ത്
6. 27.03.2024 തീയതിയിലെ സ.ഉ (സാധാ)നം.311/2024/കൃഷി നമ്പർ സർക്കാർ ഉത്തരവ്
7. 01.04.2024ലെ സ.ഉ(സാധാ)നം.3148/2024/ധന നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് വില്ലേജിൽ ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പർ 1829/4 ലെ 3.24 ആർ വസ്തുവും 1829/11ലെ 8.09 ആർ വസ്തുവും EEC assisted market-നു വേണ്ടി കൃഷി വകുപ്പിനായി ഏറ്റെടുത്തതു സംബന്ധിച്ചുള്ള ബഹു.തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ 3/2016 കേസിന്റെ സെറ്റിൽമെന്റിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് പരാമർശം 2 ഉത്തരവ് പ്രകാരം 5,91,600/-രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അറുനൂറ് രൂപ മാത്രം)യുടെ ഫണ്ടിന് ഭരണാനുമതി നൽകുകയും തുടർന്ന് , പ്രസ്തുത 5,91,600/-രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അറുനൂറ് രൂപ മാത്രം) 2435-01-800-94(PV) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം 3-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതിയും നൽകിയിരുന്നു.

ബഹു. തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ 3/2016 കേസിൽ 423/20,424/20,425/20 നമ്പർ എക്സിക്യൂഷൻ പെറ്റീഷനുകളിൽ കക്ഷി അറ്റാച്ച് മെന്റ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ബഹു.സബ് കോടതി ജില്ലാ കളക്ടറേറ്റിലെ KL-01-BQ-2456, KL-01-CC-2467, KL-01-BS-5555 തുടങ്ങി ജില്ലാ കളക്ടറുടേത് ഉൾപ്പടെയുള്ള വാഹനങ്ങൾ ജപ്തി ചെയ്യുന്നതിന് നിർദേശിച്ചിട്ടുണ്ടെന്നും ടി കേസിൽ ഫണ്ട് വിനിയോഗിക്കുന്നതിന് വേണ്ടി പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് ആയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ലായെന്നും നിലവിൽ ബഹു.തിരുവനന്തപുരം സബ് കോടതി

ജപ്തി നടപടികൾ സ്വീകരിക്കുവാൻ നിർദേശം നൽകിയിരിക്കുന്ന സാഹചര്യത്തിൽ 31.03.2024 തീയതി വരെ പലിശ കണക്കാക്കിയുള്ള 4,90,900/-രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരം രൂപ മാത്രം) ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ പരാമർശം 4 പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. എൽ.എ.ആർ 3/2016 കേസുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ് കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിനായി 31.03.2024 തീയതി വരെ പലിശ കണക്കാക്കിയുള്ള 4,90,900/-രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിക്കുന്നതിനായുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 5 പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറും ആവശ്യപ്പെട്ടിരുന്നു.

ആയതിനാൽ, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് വില്ലേജിൽ ഉൾപ്പെട്ടു വരുന്ന സർവ്വേ നമ്പർ 1829/4 ലെ 3.24 ആർ വസ്തുവും 1829/11ലെ 8.09 ആർ വസ്തുവും EEC assisted market-നു വേണ്ടി കൃഷി വകുപ്പിനായി ഏറ്റെടുത്തതു സംബന്ധിച്ചുള്ള ബഹു.തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ 3/2016 കേസിൽ ബഹു.കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിലേക്കായി 31.03.2024 തീയതി വരെ പലിശ കണക്കാക്കിയുള്ള 4,90,900/-രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരം രൂപ മാത്രം) 4435-01-101-93 (PC) Strengthening of Market Infrastructure എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം 6 പ്രകാരം ഉത്തരവായിരുന്നു.

ബഹു.തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ 3/2016 കേസിൽ ബഹു.കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിലേക്കായി 31.03.2024 തീയതി വരെ പലിശ കണക്കാക്കിയുള്ള 4,90,900/-രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരം രൂപ മാത്രം) 4435-01-101-93 (PC) Strengthening of Market Infrastructure എന്ന ശീർഷകത്തിൽ നിന്നും കൃഷി വകുപ്പ് ഡയറക്ടർ avail ചെയ്യുവാനും ആയത് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് മാറി നൽകുവാനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള ,തിരുവനന്തപുരം
ധനകാര്യ (കൃഷി-ബി) വകുപ്പ് (03.04.2024 തീയതിയിലെ UO നം.2025262/Agri-B1/105/2022-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (efile നം.AGRI-WTO1/23/2021-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Megha R
സെക്ഷൻ ഓഫീസർ
Date: 09-04-2024 12:22:27

പകർപ്പ്:-കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി-യുടെ പി.എ-യ്ക്ക്
കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ സി.എ-യ്ക്ക്